ST. Antony's Monastery, Alwa.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# സന്യാസീസന്യാസിനിമാർക്കുവേണ്ടിയുള്ള

# മൃതസംസ്കാരകർമ്മം

www.TheCMSIndia.org

16

# സന്യാസീ സന്യാസിനിമാർക്കുവേണ്ടിയുള്ള

# മൃതസംസ്കാരകർമ്മം

By

**Fr. Abel C. M. I.**

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

*All Rights reserved by the author*

*Ernakulam*
*1 - 1 - 1987*

2 രൂ 50 പൈസ

www.TheCMSIndia.org

# ആമുഖം

വൈദികരുറപ്പെടെയുള്ള സന്യാസീ സന്യാസിനി മാരെ ഉദ്ദേശിച്ചാണ് ഈ പ്രത്യേക ശുശ്രൂഷയ്ക്കു രൂപം കൊടുത്തിരിക്കുന്നത്.

മരിച്ചയാളിന്റെ മുറിയിൽ വച്ചു നടത്തേണ്ട കർമ്മ ങ്ങൾ ഒന്നാംഭാഗമായും, കുർബാനയ്ക്കു മുമ്പു നടത്തുന്നവ രണ്ടാംഭാഗമായും, കുർബാന മൂന്നാംഭാഗമായും, തുടന്നു നടത്തുന്ന അന്തിമ കർമ്മങ്ങൾ നാലാംഭാഗമായും ചേർത്തി രിക്കുന്നു.

ഭവനത്തിനു പുറത്തുവച്ചാണു മരണം സംഭവിച്ച തെങ്കിൽ മൃതദേഹം നേരേ മുറിയിലേയ്ക്കു കൊണ്ടുപോ കുന്നു. മുറിയിലെ കർമ്മങ്ങൾ കഴിഞ്ഞു പള്ളിയിലേയ്ക്കോ കപ്പേളയിലേയ്ക്കോ സംവഹിക്കുന്നു.

കാർമ്മികൻ എന്ന പദംകൊണ്ടു സഭാതലത്തിലോ, ആശ്രമതലത്തിലോ ഉള്ള അധികാരികളാണു വിവക്ഷി ക്കപ്പെടുന്നത്.

## സന്യാസീ സന്യാസിനിമാക്കുവേണ്ടിയുള്ള

# മൃതസംസ്കാരകർമ്മം

## ഒന്നാം ഭാഗം

ആശ്രമാംഗങ്ങരം മരിച്ചയാളിൻെറ മുറിയിൽ സമ്മേളിക്കുന്നു.

മൃതദേഹത്തിൻെറ തലയ്ക്കൽ കത്തിച്ച തിരികളുടെ നടുവിലായി കരിശുരൂപം വച്ചിരിക്കണം. പെട്ടിയുടെ ചുററിലും ചന്ദനത്തിരികരം കത്തിച്ചു നാട്ടുന്നതുകൊള്ളാം.

മരിച്ചയാളിൻെറ ജീവിതം, പ്രവർത്തനങ്ങരം, അദ്ദേഹം സഭയ്ക്കും ആശ്രമത്തിനും ചെയ്തിട്ടുള്ള സേവനങ്ങരം, സമൂഹത്തിനു് അദ്ദേഹത്തോടുള്ള കടപ്പാടു് എന്നിവയെപ്പററി ചുരുങ്ങിയ വാചകങ്ങളിൽ ഒരനുസ്മരണം നടത്തുന്നതു നന്നായിരിക്കും.

കാർമ്മികൻ മൃതദേഹത്തിന്മേലും മുറിയിലും വെഞ്ചരിച്ച പനിനീർ തളിച്ചുകൊണ്ടു് കർമ്മങ്ങരം ആരംഭിക്കുന്നു.

(വെഞ്ചരിപ്പു പ്രാർത്ഥന അനുബന്ധത്തിൽ)

**കാർമ്മി:** പിതാവിൻെറയും ✠ പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ.

**സമൂ:** ആമേൻ.

**കാർമ്മി:** അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

**സമൂ:** ആമേൻ.

www.TheCMSIndia.org

**പുരോ:** കറയററവനായ്ച്ചിരമഹിമാവിൽ
മിന്നിവിളങ്ങും മുഖമൊട്ട കല്ലറ
വിട്ടെഴുനേല്പൂം മനുജനുഭാഗ്യം.

**സമൂ:** നാഥനണഞ്ഞിട്ട ....

**പുരോ:** ''വരികനിനക്കായാദിമുതൽ ഞാൻ
കരുതിയ രാജ്യംനേടുക'' നാഥനിൽ
നിന്നിതുകേൾക്കും മനുജനുഭാഗ്യം.

**സമൂ:** നാഥനണഞ്ഞിട്ട ....

## സങ്കീർത്തനം (90)

**ശുശ്രൂ:** കർത്താവേ, എല്ലാത്തലമുറകളിലും
അങ്ങു ഞങ്ങളുടെ അഭയമാകുന്നു.
മരിച്ചവരെ ഉയിർപ്പിക്കുന്നവനേ,
അങ്ങയുടെ തിരുനാമത്തിനു സ്തുതി:

സമൂഹം രണ്ടുഗണമായി തുടരുന്നു.

മനുഷ്യരെ അങ്ങു പൊടിയിലേയ്ക്കു പിന്തിരിക്കുകയും
'നിങ്ങൾ പശ്ചാത്തപിക്കുവിനെ'ന്ന്
അവരെ ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു.

അങ്ങേയ്ക്കു ആയിരംവത്സരങ്ങൾ
അസ്തമിച്ചൊരു ദിവസംപോലെയും
രാത്രിയുടെ യാമംപോലെയുമാകുന്നു.

ലോകത്തിൽ മനുഷ്യന്റെ ജീവിതം
കിനാവുപോലെ കടന്നുപോകുന്നു.

രാവിലെ പൂവിടുകയും
വൈകുന്നേരം വാടിത്തളരുകയും ചെയ്യുന്ന
വയലിലെ പുഷ്പംപോലെതന്നെ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനുംസ്തുതി:
ആദിമുതൽ എന്നേയ്ക്കും ആമേൻ.

**ശുശ്രൂ:** മരിച്ചവരെ ഉയിർപ്പിക്കുന്നവനേ,
അങ്ങയുടെ തിരുനാമത്തിനുസ്തുതി.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

## സമാപനപ്രാർത്ഥനകൾ

**പുരോ:** സജീവവും ജീവദായകവുമായ ശബ്ദത്താൽ ലാസറിനെ ഉയിർപ്പിച്ച കർത്താവേ, ആ ശബ്ദം മഹനീയമായ നീതിവിധിയുടെ ദിവസത്തിൽ അങ്ങയുടെ ദാസനെ (ദാസിയെ) വിളിക്കുകയും, അങ്ങയുടെ വലത്തുഭാഗത്തു നിറുത്തുകയും ചെയ്യട്ടെ. പാപങ്ങൾ പൊറുക്കുന്നവനും, കരുണ നിറഞ്ഞവനും, നീതിമാനുമായ വിധികർത്താവേ, ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമേൻ.

**പുരോ:** കർത്താവേ, മരിച്ചവരെ കരുണാപൂർവ്വം ജീവിപ്പിക്കണമേ. ജീവിക്കുന്നവരെ ദയാപൂർവ്വം പരിപാലിക്കണമേ. ഉത്ഥാനം പ്രതീക്ഷിച്ച് മരണമടഞ്ഞവരെ മഹിമയോടുകൂടെ ഉയിർപ്പിക്കണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമേൻ.

**പുരോ:** സത്യവിശ്വാസത്തോടുകൂടെ മരണം പ്രാപിക്കുന്നവർക്ക് പ്രകാശപൂർണ്ണമായ പുനരുത്ഥാനം വാഗ്ദാനം ചെയ്തിരിക്കുന്ന കർത്താവേ, ഞങ്ങളുടെയിടയിൽ നിന്നു വേർപിരിഞ്ഞുപോയിരിക്കുന്ന ബ. .... അച്ചനു (.... സഹോദരനു, സഹോദരിക്കു) മഹനീയമായ ഉയിർപ്പും അനശ്വരമായ സൗഭാഗ്യവും പ്രദാനം ചെയ്യണമേ. വിചാരത്താലും വചനത്താലും പ്രവൃത്തിയാലും ഈ ആൾ ചെയ്തുപോയിട്ടുള്ള പാപങ്ങളെല്ലാം പൊറുത്തു മാലാഖമാരുടെയും വിശുദ്ധരുടെയും വസതിയിലേയ്ക്കു ഈ ആളെ സ്വീകരിക്കണമേ. ഈ സംസ്കാരകർമ്മത്തിൽ സംബന്ധിച്ച് ഈ വൈദികനെ (സഹോദരനെ, സഹോദരിയെ) ബഹുമാനിക്കുകയും, ഈ ആളിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്ത എല്ലാവരെയും അനുഗ്രഹിക്കണമേ. അങ്ങയുടെ പ്രസാദവരം ഞങ്ങളിൽ വസിക്കുകയും, അ-

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

ങ്ങയുടെ അനുഗ്രഹം ഞങ്ങളെ അനുഗമിക്കുകയും ചെയ്യട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേയ്ക്കും.

**സമൂ:** ആമേൻ.

പുരോഹിതൻ കുഴിയിൽ കുന്തുരുക്കമിടുന്നു. മററുള്ളവർ കുന്തുരുക്കമിട്ടശേഷം കുരിശുതൊട്ടു നമസ്കരിക്കുന്നു. കുഴി മൂടുന്നു.

## അനുബന്ധം

### പനിനീർവെഞ്ചരിപ്പ്

അനുതപിക്കുന്ന പാപികളുടെ നിത്യസങ്കേതമായ ദൈവമേ, ഞങ്ങളുടെ പാപമോചനത്തിനായി ഈ പനിനീരിനെ ✠ ആശീർവ്വദിക്കണമേ. ഈ ജലത്താൽത്തന്നെ ഞങ്ങളെ വിശുദ്ധീകരിക്കയും ചെയ്യണമേ. പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ.

**ഉത്തരം:** ആമേൻ.

### ചന്ദനത്തിരിവെഞ്ചരിപ്പ്

സുഗന്ധദ്രവ്യങ്ങളുടെയും പരിമളസസ്യങ്ങളുടെയും നാഥനായ ദൈവമേ, അങ്ങയുടെ ബഹുമാനത്തിനും ഞങ്ങളുടെ പാപമോചനത്തിനുമായി ഈ ചന്ദനത്തിരികൾ ✠ ആശീർവ്വദിക്കണമേ. പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ.

**ഉത്തരം:** ആമേൻ.

---

Printed at St. Joseph's Press, Mannanam

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS